എട്ടുനോമ്പ് ആചരണത്തിന്റെ ആരംഭസ്ഥാനവും
ആഗോള മരിയൻ തീർത്ഥാടന കേന്ദ്രവുമായ

# മണർകാട്
# സെന്റ് മേരീസ് യാക്കോബായ
# സുറിയാനി കത്തീഡ്രലിൽ



# എട്ടുനോമ്പ് പെരുന്നാൾ

2024
**സെപ്റ്റംബർ 1 മുതൽ 8 വരെ**



വി. ദൈവമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ...



അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും
പരിശുദ്ധ പത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തിൽ
വാണരുളുന്ന

**പ.മോറാൻ മോർ ഇഗ്നാത്തിയോസ്**
**അപ്രേം ദ്വിതിയൻ പാത്രിയർക്കീസ് ബാവാ**




പരിശുദ്ധ യാക്കോബായ സുറിയാനി സഭയുടെ
പ്രാദേശിക തലവൻ ആയ
ശ്രേഷ്ഠ കാതോലിക്ക

**ആബൂൻ മോർ ബസ്സേലിയോസ്**
**തോമസ് പ്രഥമൻ ബാവാ**



പരിശുദ്ധ യാക്കോബായ സുറിയാനി സഭയുടെ
മലങ്കര മെത്രാപ്പോലീത്തയും
കൊച്ചി ഭദ്രാസനാധിപനുമായ

**നി.വ.ദി.ശ്രീ. ജോസഫ് മോർ**
**ഗ്രീഗോറിയോസ് തിരുമനസ്സ്**



പരിശുദ്ധ യാക്കോബായ സുറിയാനി സഭയുടെ
എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും
കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തയുമായ

**നി.വ.ദി.ശ്രീ. ഡോ. തോമസ് മോർ**
**തീമോത്തിയോസ് തിരുമനസ്സ്**

## ചൊവ്വുള്ളതും കുറ്റമില്ലാത്തതുമായ ഏക വിശ്വാസത്തെ പാലിച്ച് ഞങ്ങളെ വഴിനടത്തിയ പുണ്യപ്പെട്ട പിതാക്കന്മാരുടെ സ്മരണയ്ക്ക്



അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ പാത്രിയർക്കീസായിരുന്ന കാലം ചെയ്ത

**മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ ഐവാസ് പ്രഥമൻ ബാവാ**



മലങ്കരയുടെ പ്രകാശ ഗോപുരമായിരുന്ന ശ്രേഷ്ഠ പൗരസ്ത്യ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായിരുന്ന ഭാഗ്യസ്മരണാർഹനായ കാലം ചെയ്ത

**ആബൂൻ മോർ ബസ്സേലിയോസ് പൗലോസ് ദ്വതീയൻ ബാവാ**



പരിശുദ്ധ യാക്കോബായ സുറിയാനി സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രസിഡന്റും കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തയുമായിരുന്ന പുണ്യശ്ലോകനായ കാലം ചെയ്ത

**ഡോ. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത**



**“ഇന്നു മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും**

(ലൂക്കോസ് 1:48)”

കർത്താവിൽ പ്രിയരെ,

പൂർവ്വിക പിതാക്കന്മാർക്ക് ഉണ്ടായ ദർശനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിതമായതും, എട്ടുനോമ്പ് ആചരണത്തിന്റെ ആരംഭ സ്ഥാനവും ആഗോള മരിയൻ തീർത്ഥാടന കേന്ദ്രവുമായ മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനോട് അനുബന്ധിച്ച് നൂറ്റാണ്ടുകളായി ആചരിച്ചുവരുന്ന എട്ടുനോമ്പ് ഈ വർഷവും **സെപ്റ്റംബർ 1 മുതൽ 8 വരെ** തീയതികളിൽ നടത്തപ്പെടുന്നു.
ഏവരും ഉപവാസത്തോടും പ്രാർത്ഥനയോടും ആത്മതപനത്തോടും കൂടെ നോമ്പാചരണത്തിൽ ഭയഭക്തിപൂർവ്വം പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കണമെന്ന് താല്പര്യപ്പെടുന്നു.

സസ്നേഹം,
**ഇ. റ്റി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ,**
**ഇട്ട്യാടത്ത്** (വികാരി)

**കെ കുര്യാക്കോസ് കോർ എപ്പിസ്കോപ്പ,**
**കിഴക്കേടത്ത്** (പ്രോഗ്രാം കോ - ഓർഡിനേറ്റർ)

മണർകാട്
18 - 08 - 2024





# 1

**2024**
**സെപ്റ്റംബർ**
**ഞായർ**

| | | |
|---|---|---|
| 6.00 am - 7.30 am | : | വി. കുർബ്ബാന (കരോട്ടെ പള്ളിയിൽ) |
| 7.30 am - 8.30 am | : | പ്രഭാത നമസ്ക്കാരം (താഴത്തെ പള്ളിയിൽ) |
| 8.30 am - 10.00 am | : | **വി. മൂന്നിന്മേൽ കുർബ്ബാന**<br>പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും<br>കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായുമായ<br>**നി.വ.ദി.ശ്രീ. ഡോ. തോമസ് മോർ തീമോത്തിയോസ്**<br>തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ |





| | | |
|---|---|---|
| 11.00 am - 12.00 noon | : | പ്രസംഗം -<br>**റവ.ഫാ. ഗീവർഗീസ് നടുമുറിയിൽ** |
| 12.00 noon | : | ഉച്ച നമസ്ക്കാരം |
| 2.00 pm | : | **കൊടിമരഘോഷയാത്രയ്ക്കായി<br>പള്ളിയിൽ നിന്നും പുറപ്പെടുന്നു** |
| 2.30 pm - 3.30 pm | : | പ്രസംഗം<br>**റവ.ഫാ. മാത്യൂസ്**<br>**തോക്കുപാറ** |
| 04.30 pm | : | **കൊടിമരം ഉയർത്തൽ** |
| കൊടി ഉയർത്തൽ | : | **നി.വ.ദി.ശ്രീ. ഡോ. തോമസ് മോർ<br>തീമോത്തിയോസ്** തിരുമനസ്സുകൊണ്ട് |
| 05.00 pm | : | സന്ധ്യാ നമസ്ക്കാരം |
| 06.30 pm - 08.00 pm | : | ധ്യാനപ്രസംഗം<br>**റവ.ഫാ. യൂഹാനോൻ**<br>**വേലിക്കകത്ത്** |

പറമ്പുകര കരയിൽ മരവത്ത് ശ്രീ എം.എം ജോസഫിന്റെ (സണ്ണി)
ഭവനാങ്കണത്തിൽ നിന്നും കൊടിമര ഘോഷയാത്ര ആരംഭിച്ച്
വാദ്യമേളങ്ങളുടെ അകമ്പടിയോടെ പള്ളിയിൽ എത്തിച്ചേരുന്നതാണ്.





**2** 2024
സെപ്റ്റംബർ
തിങ്കൾ

6.00 am - 7.30 am : **വി. കുർബ്ബാന** (കരോട്ടെ പള്ളിയിൽ)

7.30 am - 8.30 am : **പ്രഭാത നമസ്ക്കാരം** (താഴത്തെ പള്ളിയിൽ)

8.30 am - 10.00 am : **വി. മൂന്നിന്മേൽ കുർബ്ബാന**



അങ്കമാലി ഭദ്രാസനത്തിലെ മൂവാറ്റുപുഴ മേഖലയുടെ മെത്രാപ്പോലീത്ത

**നി.വ.ദി.ശ്രീ. മാത്യൂസ് മോർ അന്തീമോസ്**

തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ

11.00 am-12.00 noon: **പ്രസംഗം** -

**നി.വ.ദി.ശ്രീ. മാത്യൂസ് മോർ അന്തീമോസ്**

തിരുമനസ്സുകൊണ്ട്

12.00 noon : **ഉച്ച നമസ്ക്കാരം**

2.30 pm - 4.00 pm : **പ്രസംഗം**

**റവ.ഫാ. സഞ്ചു മാനുവൽ കിടങ്ങേത്ത്**

05.00 pm - 06.00 pm : **സന്ധ്യാ നമസ്ക്കാരം**

06.30 pm - 08.00 pm: **ധ്യാനപ്രസംഗം**

**റവ.ഫാ. ജോർജ് എം ജേക്കബ് കരിപ്പാൽ**

## പ്രധാന നേർച്ച വഴിപാടുകൾ

▶ വി. കുർബ്ബാന (ഒറ്റകുർബ്ബാന, മൂന്നിന്മേൽ കുർബ്ബാന, അഞ്ചിന്മേൽ കുർബ്ബാന, ഓർമ്മ കുർബ്ബാന) ▶ വിശുദ്ധ ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന ▶ അടിമ വയ്ക്കൽ ▶ പിടിപ്പണം ▶ ഉരുളു നേർച്ച (ശയന പ്രദക്ഷിണം) ▶ കൽക്കുരിശിനും പള്ളിക്കും ചുറ്റും മുട്ടിന്മേൽ നീന്തൽ ▶ മുത്തുക്കുട ▶ കൊടി നേർച്ച ▶ സ്വർണ്ണം, വെള്ളി കുരിശുകൾ നേർച്ച ▶ എണ്ണ, മെഴുകുതിരി, കുന്തിരിക്കം നേർച്ച ▶ ചുറ്റുവിളക്ക് കത്തിക്കൽ ▶ വഞ്ചിക നേർച്ചവഴിപാടുകൾ ▶ പാച്ചോർ നേർച്ച.




**3** 2024 സെപ്റ്റംബർ ചൊവ്വ

| | | |
|---|---|---|
| 6.00 am - 7.30 am | : | **വി. കുർബ്ബാന** (കരോട്ടെ പള്ളിയിൽ) |
| 7.30 am - 8.30 am | : | **പ്രഭാത നമസ്ക്കാരം** (താഴത്തെ പള്ളിയിൽ) |
| 8.30 am - 10.00 am | : | **വി. മൂന്നിന്മേൽ കുർബ്ബാന**<br>**അങ്കമാലി ഭദ്രാസനത്തിലെ**<br>**പെരുമ്പാവൂർ മേഖലയുടെ മെത്രാപ്പോലീത്ത**<br>**നി.വ.ദി.ശ്രീ. മാത്യൂസ് മോർ അപ്രേം**<br>**തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ** |



| | | |
|---|---|---|
| 11.00 am-12.00 noon | : | **പ്രസംഗം**<br>**നി.വ.ദി.ശ്രീ. മാത്യൂസ് മോർ അപ്രേം**<br>**തിരുമനസ്സുകൊണ്ട്** |
| 12.00 noon | : | **ഉച്ച നമസ്ക്കാരം** |
| 02.30 pm - 04.00 pm | : | **പ്രസംഗം**<br>**റവ. ഫാ. അഭിലാഷ് ഏബ്രഹാം** വലിയവീട്ടിൽ |
| 05.00 pm - 06.00 pm | : | **സന്ധ്യാ നമസ്ക്കാരം** |
| **06.00 pm** | : | **മെറിറ്റ് ഡേയും വയോജനങ്ങളെ ആദരിക്കലും**<br>(80 വയസ്സിന് മുകളിൽ പ്രായമായ വയോജനങ്ങളെ ആദരിക്കൽ; ഇക്കഴിഞ്ഞ അദ്ധ്യയന വർഷം ഉന്നതവിജയം കരസ്ഥമാക്കിയ ഇടവകാംഗങ്ങളായ വിദ്യാർത്ഥികൾ, പള്ളിവക സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ എന്നിവർക്ക് മെറിറ്റ് അവാർഡ് വിതരണം ചെയ്യുന്നതിനുള്ള പ്രോഗ്രാം) |
| പ്രാർത്ഥന | | |
| സ്വാഗതം | : | ശ്രീ **വി.ജെ ജേക്കബ് വാഴത്തറ** (കത്തീഡ്രൽ സെക്രട്ടറി) |
| അദ്ധ്യക്ഷൻ | : | മുംബൈ ഭദ്രാസന മെത്രാപ്പോലീത്തയും അയർലന്റ് പാത്രിയർക്കൽ വികാരിയുമായ<br>നി. വ. ദി. ശ്രീ. **തോമസ് മോർ അലക്സന്ത്രയോസ്**<br>**തിരുമനസ്സുകൊണ്ട്** |
| ഉദ്ഘാടനവും വയോജനങ്ങളെ ആദരിക്കലും | : | **ശ്രീ ജോൺ വി. സാമുവേൽ** IAS<br>(കോട്ടയം ജില്ലാ കളക്ടർ) |
| മുഖ്യപ്രഭാഷണവും മെറിറ്റ് അവാർഡ് വിതരണവും | : | നി. വ. ദി. ശ്രീ. **മർക്കോസ് മോർ ക്രിസോസ്റ്റമോസ്**<br>**തിരുമനസ്സുകൊണ്ട്** |
| ആശംസ പ്രസംഗം | : | **ശ്രീ. ബിജു കെ.സി.**<br>(മണർകാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)<br>**ശ്രീ. റെജി എം. ഫീലിപ്പോസ്**<br>(കോട്ടയം ജില്ലാ പഞ്ചായത്ത് മെമ്പർ) |
| കൃതജ്ഞത | : | ശ്രീ **വർഗീസ് ഐപ്പ് മുതലുപടിയിൽ** (കത്തീഡ്രൽ ട്രസ്റ്റി) |




**4** 2024
സെപ്റ്റംബർ
ബുധൻ

| | |
|---|---|
| 6.00 am - 7.30 am : | **വി. കുർബ്ബാന** (കരോട്ടെ പള്ളിയിൽ) |
| 7.30 am - 8.30 am : | **പ്രഭാത നമസ്ക്കാരം** (താഴത്തെ പള്ളിയിൽ) |
| 8.30 am - 10.00 am : | **വി. മൂന്നിന്മേൽ കുർബ്ബാന**<br>**പൗരസ്ത്യ സുവിശേഷ സമാജം മെത്രാപ്പോലീത്ത**<br>**നി.വ.ദി.ശ്രീ. മർക്കോസ് മോർ ക്രിസോസ്റ്റമോസ്**<br>**തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ** |
| 11.00 am - 12.00 noon: | **പ്രസംഗം**<br>**നി.വ.ദി.ശ്രീ. മർക്കോസ് മോർ ക്രിസോസ്റ്റമോസ്**<br>**തിരുമനസ്സുകൊണ്ട്** |
| 12.00 noon : | **ഉച്ച നമസ്ക്കാരം** |
| 2.30 pm - 4.00 pm : | **പ്രസംഗം**<br>**റവ. ഫാ. തോമസ് പള്ളിയമ്പിൽ** |
| 05.00 pm - 06.00 pm : | **സന്ധ്യാ നമസ്ക്കാരം** |



## നേർച്ചക്കഞ്ഞി

പള്ളിയിൽ എട്ടുനോമ്പിനായി എത്തിച്ചേരുന്ന എല്ലാ ഭക്തജനങ്ങൾക്കും സെപ്റ്റംബർ 1 മുതൽ 7 വരെ നേർച്ചക്കഞ്ഞി വടക്കുവശത്തെ പാരീഷ് ഹാളിൽ നിന്നും നൽകുന്നതാണ്. നേർച്ചക്കഞ്ഞിയുടെ നടത്തിപ്പിലേക്കായി സംഭാവനകൾ നൽകുവാൻ ആഗ്രഹിക്കുന്ന ഭക്തജനങ്ങൾ പള്ളിയുടെ വടക്കുവശത്തും തെക്കുവശത്തും ക്രമീകരിച്ചിരിക്കുന്ന കൗണ്ടറുകളിൽ പണമടച്ച് രസീത് വാങ്ങാവുന്നതാണ്.

# പൊതുസമ്മേളനം

**4-9-2024**

**06.00 pm – 09.00 pm**

| | | |
|---|---|---|
| പ്രാർത്ഥന | : | |
| സ്വാഗതം | : | **ഡോ. ജിതിൻ കുര്യൻ ആൻഡ്രൂസ്, ചിരവത്തറ**<br>(കത്തീഡ്രൽ ട്രസ്റ്റി) |
| റിപ്പോർട്ട് | : | **ശ്രീ. വി.ജെ ജേക്കബ് വാഴത്തറ**<br>(കത്തീഡ്രൽ സെക്രട്ടറി) |
| അദ്ധ്യക്ഷപ്രസംഗം | : | പരി.എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും<br>കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായുമായ<br>**നി.വ.ദി.ശ്രീ. ഡോ. തോമസ് മോർ തീമോത്തിയോസ്**<br>തിരുമനസ്സുകൊണ്ട് |
| സമ്മേളനം ഉദ്ഘാടനം | : | പരിശുദ്ധ യാക്കോബായ സഭയുടെ<br>**മലങ്കര മെത്രാപ്പോലീത്തയും കൊച്ചി ഭദ്രാസനാധിപനുമായ**<br>**നി.വ.ദി.ശ്രീ. ജോസഫ് മോർ ഗ്രീഗോറിയോസ്**<br>തിരുമനസ്സുകൊണ്ട് |
| വി.മർത്തമറിയം സേവകാസംഘം നിർമ്മിച്ചു നൽകുന്ന ഭവനങ്ങളുടെ ശിലാഫലക വിതരണം | : | ശ്രീ. **ജോർജ് കുര്യൻ**<br>**(ബഹു. കേന്ദ്രസഹമന്ത്രി**<br>**ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീരോൽപ്പാദനം, ന്യൂനപക്ഷകാര്യ വകുപ്പ് )** |
| മുഖ്യപ്രഭാഷണം | : | ശ്രീ **വി.എൻ വാസവൻ**<br>**(ബഹു. സഹകരണം, ദേവസ്വം, തുറമുഖ വകുപ്പ് മന്ത്രി)** |
| അനുഗ്രഹ പ്രഭാഷണം | : | **മോസ്റ്റ് റവ. ജോഷ്വാ മോർ ഇഗ്നാത്തിയോസ്**<br>തിരുമനസ്സുകൊണ്ട് **(സീറോ മലങ്കര കത്തോലിക്ക സഭാ)** |
| ആശംസ പ്രസംഗം | : | ശ്രീ **ഫ്രാൻസിസ് ജോർജ് എം.പി.**<br>ശ്രീ **ചാണ്ടി ഉമ്മൻ എം.എൽ.എ**<br>ശ്രീ **തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ** |
| കൃതജ്ഞത | : | **ശ്രീ പി.എ ഏബ്രഹാം, പഴയിടത്തുവയലിൽ**<br>(കത്തീഡ്രൽ ട്രസ്റ്റി) |




**5** 2024
സെപ്റ്റംബർ
വ്യാഴം

| | | |
|---|---|---|
| 6.00 am - 7.30 am | : | **വി. കുർബ്ബാന** (കരോട്ടെ പള്ളിയിൽ) |
| 7.30 am - 8.30 am | : | **പ്രഭാത നമസ്ക്കാരം** (താഴത്തെ പള്ളിയിൽ) |
| 8.30 am - 10.00 am | : | **വി. മൂന്നിന്മേൽ കുർബ്ബാന**<br>ക്നാനായ അതിഭദ്രാസനം റാന്നി മേഖലയുടെ മെത്രാപ്പോലീത്ത<br>**നി.വ.ദി.ശ്രീ. കുര്യാക്കോസ് മോർ ഈവാനിയോസ്**<br>തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ |



| | | |
|---|---|---|
| 11.00 am 12.00 noon | | പ്രസംഗം<br>**നി.വ.ദി.ശ്രീ. കുര്യാക്കോസ് മോർ ഈവാനിയോസ്**<br>തിരുമനസ്സുകൊണ്ട് |
| 12.00 noon | : | **ഉച്ച നമസ്ക്കാരം** |
| 2.30 pm - 4.00 pm | : | പ്രസംഗം<br>**റവ. ഫാ. സോബിൻ ഏലിയാസ് വർഗീസ്**<br>അറക്കൽ ഉഴത്തിൽ |
| 05.00 pm - 06.00 pm | : | **സന്ധ്യാ നമസ്ക്കാരം** |
| 06.00 pm | : | **മാതൃസ്തുതി ഗീതങ്ങൾ**<br>**സുറിയാനി സംഗീതത്തിലൂടെ**<br>(എം.എസ്.ഒ.റ്റി സെമിനാരി അദ്ധ്യാപക - വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ) |

## കറി നേർച്ച

**വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ ദിവസത്തെ പ്രധാന വഴിപാടാണ് പാച്ചോർ നേർച്ച അഥവാ കറിനേർച്ച. കറിനേർച്ചക്ക് 70 രൂപ, 130 രൂപ എന്നീ നിരക്കിൽ പണമടച്ച് സെപ്റ്റംബർ 1 മുതൽ കൂപ്പൺ വാങ്ങാവുന്നതും കൂപ്പൺ വാങ്ങിക്കുന്നവർക്ക് 7-ാം തീയതി രാത്രി 12 മണി മുതൽ 8-ാം തീയതി ഉച്ചയ്ക്ക് 1 മണിവരെയുള്ള സമയങ്ങളിൽ പാച്ചോർ പ്രത്യേകം പാത്രങ്ങളിൽ സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ സജ്ജീകരിച്ചിരിക്കുന്ന പെരുന്നാൾ കൗണ്ടറുകളിൽ നിന്നും ലഭിക്കുന്നതാണ്.**

### കറിനേർച്ച – ഇടവകാംഗങ്ങൾക്ക്

**എട്ടുനോമ്പ് പെരുന്നാളിനോട് അനുബന്ധിച്ച് നടത്തുന്ന കറിനേർച്ചയുടെ കൂപ്പണുകൾ അതാത് യൂണിറ്റിലെ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ മുഖേന ഇടവക ഭവനങ്ങളിൽ എത്തിക്കുന്നതാണ്. സെപ്റ്റംബർ 7-ാം തീയതി രാത്രി 12 മണി മുതൽ, 8-ാം തീയതി ഉച്ചയ്ക്ക് 12 മണി വരെ സെന്റ് മേരീസ് ഹൈസ്കൂളിൽ സജ്ജീകരിച്ചിരിക്കുന്ന പെരുന്നാൾ കൗണ്ടറിൽ നിന്നും ടി കൂപ്പണുകൾ നൽകി കറിനേർച്ച വാങ്ങാവുന്നതാണ്.**

എട്ടുനോമ്പ് പെരുന്നാൾ

**6** 2024 സെപ്റ്റംബർ **വെള്ളി**

6.00 am - 7.30 am : **വി. കുർബ്ബാന** (കരോട്ടെ പള്ളിയിൽ)

7.30 am - 8.30 am : പ്രഭാത നമസ്ക്കാരം (താഴത്തെ പള്ളിയിൽ)

8.30 am - 10.00 am : **വി. അഞ്ചിന്മേൽ കുർബ്ബാന**



**മൈലാപ്പൂർ , ബാംഗ്ലൂർ ഭദ്രാസന മെത്രാപ്പോലീത്ത**

**നി.വ.ദി.ശ്രീ. ഐസക് മോർ ഒസ്താത്തിയോസ്**

**തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ**

11.30 am : ഉച്ച നമസ്ക്കാരം

12.00 noon : റാസയ്ക്കുള്ള മുത്തുക്കുട വിതരണം

02.00 pm : **കുരിശുപള്ളികളിലേക്കുള്ള റാസ**

05.00 pm - 06.00 pm : സന്ധ്യാ നമസ്ക്കാരം



ഈ പള്ളിയിലെ ചരിത്ര പ്രസിദ്ധമായ 'റാസ' ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ആദ്ധ്യാത്മിക ഘോഷയാത്രയായി അറിയപ്പെടുന്നു. ആയിരക്കണക്കിന് മുത്തുക്കുടകളുടേയും നൂറുകണക്കിന് പൊൻ-വെള്ളി കുരിശുകളുടേയും, വാദ്യ മേളങ്ങളുടേയും അകമ്പടിയോടെ കുരിശുപള്ളികളിലേക്ക് നടത്തപ്പെടുന്ന റാസയിൽ പരിശുദ്ധ ദൈവമാതാവിനോടുള്ള പ്രാർത്ഥനാ ഗീതങ്ങൾ ആലപിച്ചുകൊണ്ട് ഭക്തിനിർഭരമായി പങ്കെടുക്കുന്നത് അത്യന്തം പുണ്യദായകമായി കരുതപ്പെടുന്നു. മുത്തുക്കുട എടുത്ത് റാസയിൽ പങ്കെടുക്കുന്നത് ഉദ്ദിഷ്ടകാര്യസാധ്യത്തിനുള്ള ഒരു വഴിപാടായി ഭക്തജനങ്ങൾ കാണുന്നു.






**7** 2024
സെപ്റ്റംബർ
ശനി

6.00 am - 7.30 am : **വി. കുർബ്ബാന** (കരോട്ടെ പള്ളിയിൽ)

7.30 am - 8.30 am : **പ്രഭാത നമസ്ക്കാരം** (താഴത്തെ പള്ളിയിൽ)

8.30 am - 10.00 am : **വി. മൂന്നിന്മേൽ കുർബ്ബാന**



കോഴിക്കോട് ഭദ്രാസന മെത്രാപ്പോലീത്ത
**നി.വ.ദി.ശ്രീ. പൗലൂസ് മോർ ഐറേനിയോസ്**
തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ.

11.30 am : **ഉച്ച നമസ്ക്കാരവും നടതുറക്കലും**



യാക്കോബായ സുറിയാനി സഭയുടെ
**ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായുടെ**
സാന്നിധ്യത്തിൽ

1.30 pm **കറിനേർച്ച തയ്യാറാക്കുന്നതിലേക്കുള്ള പന്തിരുനാഴി ഘോഷയാത്ര**


05.00 pm - 06.00 pm : **സന്ധ്യാ നമസ്ക്കാരം**

07.30 pm : **കരോട്ടെ പള്ളി ചുറ്റിയുള്ള പ്രദക്ഷിണം**

08.45 pm : ആകാശവിസ്മയം

10.00 pm മാർഗ്ഗംകളി, പരിചമുട്ടുകളി

12.00 am : കൂപ്പൺ പ്രകാരമുള്ള കറിനേർച്ച വിതരണം



## നടതുറക്കൽ

പള്ളിയുടെ പ്രധാന മദ്ബഹായിലെ ത്രോണോസിൽ സ്ഥാപിച്ചിരിക്കുന്ന വിശുദ്ധ ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും ഛായാചിത്രം പൊതുദർശനത്തിനായി വർഷത്തിൽ ഒരിക്കൽ മാത്രം തുറക്കുന്ന, ചരിത്ര പ്രസിദ്ധമായ ചടങ്ങ്






**8** 2024
സെപ്റ്റംബർ
ഞായർ

| | | |
|---|---|---|
| 6.00 am - 7.30 am | : | **വി. കുർബ്ബാന** (കരോട്ടെ പള്ളിയിൽ) |
| 7.30 am - 8.30 am | : | **പ്രഭാത നമസ്ക്കാരം** (താഴത്തെ പള്ളിയിൽ) |
| 8.30 am - 10.00 am | : | **വി. മൂന്നിന്മേൽ കുർബ്ബാന** |



**മലങ്കര മെത്രാപ്പോലീത്തായും**
**കൊച്ചി ഭദ്രാസനാധിപനുമായ**
**നി.വ.ദി.ശ്രീ. ജോസഫ് മോർ ഗ്രീഗോറിയോസ്**
**തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ**

| | | |
|---|---|---|
| 02.00 pm | : | **കരോട്ടെപള്ളി ചുറ്റിയുള്ള പ്രദക്ഷിണം** |
| 03.00 pm | : | **ആശിർവാദം, നേർച്ചവിളമ്പ്** |

## നേർച്ച വിളമ്പ്

ദൈവം നമുക്ക് തന്ന ഭൗതീക വിഭവങ്ങൾ (കാർഷികവും കാർഷികേതരവും) കർത്താവിന്റെ തിരുസന്നിധിയിൽ ഭക്തിയോടെ അർപ്പിച്ച് അതിന്റെ ഓഹരി നന്ദിയോടെ അനുഗ്രഹത്തിന്റെ ഭക്ഷണമായി സ്വീകരിക്കുന്ന ഭക്തിനിറഞ്ഞ ചടങ്ങാണ് നേർച്ച വിളമ്പ്. രോഗ സൗഖ്യവും ആയുരാരോഗ്യവും വിശ്വാസികൾ ഇതിലൂടെ പ്രാപിക്കുന്നു.






## 9 — 2024 സെപ്റ്റംബർ
**തിങ്കൾ**

6.30 am - 7.30 am : പ്രഭാത നമസ്ക്കാരം

7.30 am - 09.00 am : **വി. മൂന്നിന്മേൽ കുർബ്ബാന**



അങ്കമാലി ഭദ്രാസനത്തിലെ കോതമംഗലം മേഖലയുടെ മെത്രാപ്പോലീത്ത
നി.വ.ദി.ശ്രീ. **ഏലിയാസ് മോർ യൂലിയോസ്**
**തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ**

## 10 — 2024 സെപ്റ്റംബർ
**ചൊവ്വ**

6.30 am - 7.30 am : പ്രഭാത നമസ്ക്കാരം

7.30 am - 09.00 am : **വി. മൂന്നിന്മേൽ കുർബ്ബാന**



തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്ത
നി.വ.ദി.ശ്രീ. **യൂഹാനോൻ മോർ മിലിത്തിയോസ്**
**തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ**

## 11 — 2024 സെപ്റ്റംബർ
**ബുധൻ**

6.30 am - 7.30 am : പ്രഭാത നമസ്ക്കാരം

7.30 am - 09.00 am : **വി. മൂന്നിന്മേൽ കുർബ്ബാന**



തൃശൂർ ഭദ്രാസന മെത്രാപ്പോലീത്ത
നി.വ.ദി.ശ്രീ. **കുറിയാക്കോസ് മോർ ക്ലീമീസ്**
**തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ**




## 12 2024 സെപ്റ്റംബർ
**വ്യാഴം**

6.30 am - 7.30 am : പ്രഭാത നമസ്ക്കാരം

7.30 am - 09.00 am : **വി. മൂന്നിന്മേൽ കുർബ്ബാന**



അങ്കമാലി ഭദ്രാസനത്തിലെ ഹൈറേഞ്ച് മേഖലയുടെ മെത്രാപ്പോലീത്ത

**നി.വ.ദി.ശ്രീ. ഏലിയാസ് മോർ അത്താനാസിയോസ്**

**തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ**

## 13 2024 സെപ്റ്റംബർ
**വെള്ളി**

6.30 am - 7.30 am : പ്രഭാത നമസ്ക്കാരം

7.30 am - 09.00 am : **വി. മൂന്നിന്മേൽ കുർബ്ബാന**



ഹോണോവർ മിഷൻ മെത്രാപ്പോലീത്ത


**നി.വ.ദി.ശ്രീ. യാക്കോബ് മോർ അന്തോണിയോസ്**

**തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ**

## 14 2024 സെപ്റ്റംബർ
**ശനി**

6.30 am - 7.30 am : പ്രഭാത നമസ്ക്കാരം

7.30 am - 09.00 am : **വി. മൂന്നിന്മേൽ കുർബ്ബാന**



ക്നാനായ അതിഭദ്രാസനം കല്ലിശേരി മേഖലാ മെത്രാപ്പോലീത്ത

**നി.വ.ദി.ശ്രീ. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ്**

**തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ**

**05.00 pm - 06.00 pm:** സന്ധ്യാ നമസ്ക്കാരവും, നട അടയ്ക്കലും

: **നി.വ.ദി.ശ്രീ. ഡോ. തോമസ് മോർ തീമോത്തിയോസ്**

**തിരുമനസ്സിന്റെ കാർമ്മികത്വത്തിൽ**




## വി. സൂനോറൊ : ചരിത്രവും സ്ഥാപനവും

വി. കന്യകമറിയാം ഈ ലോകത്ത് നിന്ന് വേർപെട്ട് കർത്യസന്നിധിയിലേയ്ക്ക് വാങ്ങിപ്പോകുവാൻ സമയമായപ്പോൾ സ്വർഗ്ഗീയ സൈന്യങ്ങളും അപ്പോസ്തലന്മാരും, ദീർഘദർശികളുമായ ആത്മാക്കളും ജനങ്ങളും അവിടെ സന്നിഹിതരാവുകയും അവരുടെ പ്രാർത്ഥനകൾക്കിടയിൽ വി. ദൈവമാതാവ് ഇഹലോകവാസം വെടിയുകയും ചെയ്തു. എല്ലാവരുംചേർന്ന് മാതാവിന്റെ ഭൗതീക ശരീരം ഗത്സിമോനിൽ അടക്കം ചെയ്തതായും, കബറടക്കപ്പെട്ട് മൂന്നാം ദിവസം പുത്രനായ യേശു തമ്പുരാൻ സ്വർഗ്ഗീയ സൈന്യങ്ങളെ അയച്ച് തന്റെ മാതാവിന്റെ വിശുദ്ധ ശരീരം സ്വർഗ്ഗത്തിലേക്ക് എടുപ്പിച്ചതായും നാം വിശ്വസിക്കുന്നു.

വി. ദൈവമാതാവിന്റെ ഭൗതീക ശരീരം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്ന സമയത്ത് മാർത്തോമ്മ ശ്ലീഹാ ഊർശ്ലേമിൽ എത്തുകയും തല്സമയം അത്ഭുതകരമായ ആ കാഴ്ച കണ്ട തോമ്മാശ്ലീഹ ഈ സംഭവം, മറ്റു ശിഷ്യന്മാർക്കും വിശ്വസിക്കാൻ തക്കവണ്ണം ഒരു അടയാളം തരണമേ എന്ന് ദൈവത്തോട് അപേക്ഷിച്ചു. ദൈവമാതാവിന്റെ സൂനോറൊ (അരക്കച്ച) അങ്ങനെയാണ് മാർത്തോമ്മാ ശ്ലീഹായ്ക്ക് ലഭിച്ചത്. മാതാവിന്റെ വാങ്ങിപ്പിന്റെ ഈ അടയാളം മറ്റു ശിഷ്യന്മാരെ കാണിച്ചിട്ട് അദ്ദേഹം ആ സൂനോറൊയുമായി ഇന്ത്യയിലേക്ക് വന്നു. മർത്തോമ്മാ ശ്ലീഹാ കൊല്ലപ്പെടുകയും മൈലാപ്പൂരിൽ അടക്കപ്പെടുകയും പിന്നീട് അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ ഉറഹായിലേക്ക് കൊണ്ടുപോകപ്പെടുകയുണ്ടായി. അക്കൂട്ടത്തിൽ മാതാവിന്റെ സൂനോറൊയുമുണ്ടായിരുന്നു.

പിന്നീട് 1953ൽ അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസായിരുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് പുരാതന രേഖകൾ പരിശോധിച്ചപ്പോൾ സൂനോറൊയെക്കുറിച്ച് വിവരം ലഭിക്കുകയും, പരിശുദ്ധ ബാവായുടെ കല്പനയിൻ പ്രകാരം ഹോംസിലെ ദൈവാലയത്തിന്റെ ത്രോണോസ് പൊളിച്ച് അതിൽ ഒരു ശിലാ പേടകത്തിൽ നിന്ന് സൂനോറൊ കണ്ടെത്തുകയും ചെയ്തു. പരി.അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ ഐവാസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് 1982 - ൽ മലങ്കരസഭാ സന്ദർശന വേളയിൽ മണർകാട് പള്ളിയിലെത്തി വിശുദ്ധ ദൈവമാതാവിന്റെ സൂനോറോ സ്ഥാപിച്ചു. ഈ പള്ളി ആരുടെ നാമത്തിൽ സ്ഥാപിച്ചിരിക്കുന്നുവോ, ആ പരിശുദ്ധ ദൈവമാതാവിന്റെ വി.സൂനോറോ ഭക്തജനങ്ങൾക്ക് ദർശിച്ചു അനുഗ്രഹം പ്രാപിക്കുന്നതിനായി പള്ളിയകത്തു പ്രധാന മദ്ബഹായ്ക്ക് സമീപമായി സ്ഥാപിച്ചിരിക്കുന്നു.





# ചരിത്ര പ്രസിദ്ധമായ മണർകാട് പള്ളിയിലെ സുഗന്ധം പരത്തുന്ന കൽക്കുരിശ്

വലിയ പള്ളിയുടെ പടിഞ്ഞാറുവശത്ത് സ്ഥിതി ചെയ്യുന്ന കൽക്കുരിശ്, നാളിതുവരെ, വിശ്വാസികൾക്ക് ദൈവീക നൽവരങ്ങളുടെ ഉറവിടമായിരുന്നെങ്കിൽ ഇന്നത് സുകൃതങ്ങളുടെ സുഗന്ധ സ്രോതസ്സായി പരിണമിച്ചിരിക്കുന്നു. 1982 ഫെബ്രുവരി മാസം 26-ാം തീയതി പരി. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് വി.ദൈവമാതാവിന്റെ തിരുവസ്ത്രത്തിന്റെ ഭാഗമായ സൂനോറൊ (ഇടക്കെട്ട്) ഈ പള്ളിയിൽ സ്ഥാപിച്ചതിന്റെ 30-ാം വാർഷികപ്പെരുന്നാളിനോടനുബന്ധിച്ച് 2012 ഫെബ്രുവരി മാസം 25-ാം തീയതി സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം രാത്രി 9 മണിയോടുകൂടി ഈ കൽക്കുരിശിൽ നിന്ന് സുഗന്ധം പരത്തിക്കൊണ്ട് സുഗന്ധതൈലം ഒഴുകി ഇറങ്ങി. 2012 ജൂൺ 29 ന് പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാൾ ദിനത്തിൽ കൽക്കുരിശിൽ നിന്നുള്ള പരിമളതൈലത്തിന്റെ സുഗന്ധവർഷത്താൽ ഈ ദൈവാലയം വീണ്ടും അനുഗൃഹീതമായി. 2012 ജൂലൈ മാസം 4-ാം തീയതി ബുധനാഴ്ച ധ്യാനശുശ്രൂഷയ്ക്കും മദ്ധ്യാഹ്ന പ്രാർത്ഥനയ്ക്കും ശേഷം ഉച്ചയ്ക്ക് 1 മണിയോടുകൂടി മൂന്നാം പ്രാവശ്യവും ഈ കൽക്കുരിശിൽ നിന്നും സുഗന്ധതൈലം പ്രവഹിച്ചു. ഈ കൽക്കുരിശിന്റെ സ്ഥാപനത്തെ സംബന്ധിച്ച് നിലവിലുള്ള ഐതീഹ്യം ചുവടെ ചേർക്കുന്നു.

പള്ളിയുടെ പടിഞ്ഞാറുവശത്തായി കാണപ്പെടുന്ന കൽക്കുരിശിന് മുകളിൽ കാണുന്ന അത്രയും നീളം താഴേയ്ക്കുമുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു. ഇത്ര വലിയ കൽക്കുരിശ് ഉയർത്തുന്നതിന് ആനയുടെ സഹായം ആവശ്യമായിരുന്നു. ആറു കിലോമീറ്റർ അകലെ പുതുപ്പള്ളിയിൽ മാത്രമാണ് ആനയുണ്ടായിരുന്നത്. നടന്നെത്തിയ പിതാക്കന്മാർ ആനയുടെ ഉടമയോട് ഈ വലിയ കൽക്കുരിശ് ഉയർത്തുന്നതിലേയ്ക്ക് ആനയെ ആവശ്യപ്പെട്ടു. കൽക്കുരിശ് ആനയെക്കൊണ്ട് ഉയർത്തുന്നതിൽ ഇഷ്ടമില്ലാത്തതിനാൽ ആനയെ തണുപ്പു കൊടുത്ത് നിർത്തിയിരിക്കുന്നു എന്ന് കളവു പറഞ്ഞ് ഉടമ രക്ഷ നേടി. നിരാശരായി മടങ്ങിയെത്തിയ പിതാക്കന്മാർ കണ്ട കാഴ്ച അത്ഭുതകരമായിരുന്നു. കുരിശ് സ്ഥാപിക്കുവാൻ വേണ്ടി നിർമ്മിച്ച കുഴിയിൽ കുരിശ് നിവർന്നു നിൽക്കുന്നതും തങ്ങൾ അന്വേഷിച്ചുപോയ ആന കുരിശിനു ചുവട്ടിൽ കൊമ്പുകുത്തി നിൽക്കുന്നതും കണ്ട് എല്ലാവരും ആശ്ചര്യപ്പെട്ടു. ചങ്ങല പൊട്ടിച്ച് ഓടിപ്പോയ ആനയെ ഉടമ എത്തി തിരികെ കൊണ്ടുപോയി എന്നാണ് ഐതീഹ്യം.

# ഭക്തജനങ്ങളുടെ ശ്രദ്ധയ്ക്ക്

### അടിമ

കുട്ടികളെ അടിമവെക്കുന്നതിന് എല്ലാദിവസവും 12.30 പി.എം മുതൽ 5.00 പി.എം. വരെയും 6 പി.എം മുതൽ 9 പി.എം വരെയും പള്ളിയകത്ത് പ്രത്യേക സൗകര്യം ഉണ്ടായിരിക്കും.

### വി.കുമ്പസാരം

എട്ടുനോമ്പ് ദിവസങ്ങളായ സെപ്റ്റംബർ 2, 3, 4, 5 ദിവസങ്ങളിൽ കരോട്ടെ പള്ളിയിൽ ഉച്ചകഴിഞ്ഞു 2 മണി മുതൽ 5 മണി വരെ വി.കുമ്പസാരത്തിന് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

### നേർച്ചകൾ

നേർച്ചപ്പണം, പിടിപ്പണം എന്നിവ വി.കുർബ്ബാനയുടെ സമയം ഒഴികെയുള്ള സമയത്ത് പള്ളിയകത്തും പള്ളി പരിസരങ്ങളിലും ഉള്ള ഭണ്ഡാരങ്ങളിൽ അർപ്പിക്കാവുന്നതാണ്. പിടിപ്പണത്തിന് ആവശ്യമായ ചില്ലറ നാണയങ്ങൾ പള്ളിയുടെ ഇരു വശങ്ങളിലുമുള്ള കൗണ്ടറുകളിൽ നിന്നും ലഭിക്കുന്നതാണ്. നേർച്ചപ്പണം പള്ളിയുടെ QR Code ഉപയോഗിച്ച് ഡിജിറ്റലായും അർപ്പിക്കാവുന്നതാണ്. മറ്റു നേർച്ച കാഴ്ചകൾ അതാതിന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥാനങ്ങളിൽ മാത്രം അർപ്പിക്കേണ്ടതാണ്.

വിശുദ്ധ കുർബ്ബാനക്കും, ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനക്കും ഉള്ള പേരുകൾ പള്ളിയുടെ ഇരുവശങ്ങളിലും, പടിഞ്ഞാറു വശത്തും കരോട്ടെ പള്ളിയുടെ വടക്കുവശത്തും ഉള്ള കൗണ്ടറുകളിൽ ഏൽപ്പിക്കാവുന്നതാണ്. കൂടാതെ പള്ളി പരിസരങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന കിയോസ്ക്ക് മെഷീനുകൾ മുഖേന ഡിജിറ്റൽ ആയും പേരുകൾ നൽകാവുന്നതാണ്. നേർച്ചവഴിപാടുകൾക്കുള്ള പണമടയ്ക്കുന്നതിന് QR കോഡ് സംവിധാനവും ഉപയോഗിക്കാവുന്നതാണ്.

### എണ്ണ, തിരി, കുന്തിരിക്കം

ചരിത്രപ്രസിദ്ധമായ കൽക്കുരിശിങ്കലെ എണ്ണ വീടുകളിൽ കൊണ്ടുപോകുവാൻ ആഗ്രഹിക്കുന്നവർക്ക് കൽക്കുരിശിന് സമീപമുള്ള കൗണ്ടറിൽ നിന്നും പ്രത്യേകം കുപ്പികളിൽ നിറച്ച എണ്ണയും കൂടാതെ മെഴുകുതിരികളും കുന്തിരിക്കവും ലഭിക്കുന്നതാണ്. തിരികൾ കത്തിച്ച് പ്രാർത്ഥിക്കുന്നതിന് പള്ളിയുടെ പടിഞ്ഞാറ് വശത്ത് പ്രത്യേക സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

### മുത്തുക്കുട, കൊടി

മുത്തുക്കുട, കൊടി എന്നിവ വഴിപാടായി സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പള്ളിയുടെ കിഴക്കുവശത്തു പ്രവർത്തിക്കുന്ന കൗണ്ടറിൽ നിന്നും ലഭിക്കുന്നതാണ്.

### പള്ളിവക ബുക്ക് സെന്റർ

പള്ളിമേടയുടെ കിഴക്കു വശത്തു പ്രവർത്തിക്കുന്ന പള്ളിവക ബുക്ക് സെന്ററിൽനിന്നും, പെരുന്നാളിനോടനുബന്ധിച്ച് ബിഷപ്പ് ഹൗസിനു മുന്നിൽ പ്രവർത്തിക്കുന്ന താൽക്കാലിക കൗണ്ടറിൽ നിന്നും എല്ലാവിധ ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ, എട്ടുനോമ്പിലേക്കാവശ്യമായ പ്രത്യേക പ്രാർത്ഥനകളടങ്ങിയ പുസ്തകം, 2025 ലേക്കുള്ള കലണ്ടർ, സഭാ പ്രസിദ്ധീകരണങ്ങൾ, സി.ഡികൾ എന്നിവയും ലഭിക്കുന്നതാണ്.

### പ്രഥമ ശുശ്രൂഷ – മെഡിക്കൽ സൗകര്യം

പള്ളിയുടെ തെക്കുവശത്തു പ്രവർത്തിക്കുന്ന സെന്റ് മേരീസ് ഹോസ്പിറ്റലിൽ നിന്നും, തെക്കുവശത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരളാ ഗവൺമെന്റിന്റെ ഹെൽത്ത് സെന്ററിന്റെ പ്രഥമ ശുശ്രൂഷാകേന്ദ്രത്തിൽ നിന്നും നോമ്പുകാർക്ക് എല്ലാ പ്രഥമശുശ്രൂഷകളും ലഭിക്കുന്നതാണ്.

### പള്ളിക്കുളങ്ങൾ

പള്ളിയുടെ വടക്കും പടിഞ്ഞാറുമായിട്ടുള്ള രണ്ട് കുളങ്ങളിൽ വടക്കു വശത്തെ കുളം സ്ത്രീകൾക്കും, പടിഞ്ഞാറുവശത്തെ കുളം പുരുഷന്മാർക്കും ഉപയോഗത്തിനായി ക്രമീകരിച്ചിരിക്കുന്നു. വിശ്വാസികൾ ഈ കുളങ്ങളിലെ ജലം കുപ്പികളിലാക്കി ദൂരദേശങ്ങളിലേക്ക് പോലും കൊണ്ടുപോകുകയും, രോഗശാന്തിക്കായി വിശ്വാസപൂർവ്വം ഉപയോഗിക്കുകയും ചെയ്യുന്നു. എട്ടുനോമ്പ് കാലയളവിൽ അനേക വിശ്വാസികൾ ഈ കുളങ്ങളിൽ കുളിച്ചുകയറി, കൽക്കുരിശിങ്കൽ മുട്ടിന്മേൽ നീന്തി നേർച്ച കാഴ്ചകൾ അർപ്പിച്ച് അനുഗ്രഹം പ്രാപിക്കുന്നു.

### സേഫ് കസ്റ്റഡി

പള്ളിമേടയുടെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന സേഫ് കസ്റ്റഡി വിഭാഗത്തിൽ ഭക്തജനങ്ങളുടെ വില പിടിപ്പുള്ള ആഭരണങ്ങൾ, പണം, ബാഗുകൾ എന്നിവ സൂക്ഷിക്കാവുന്നതും ആവശ്യമുള്ളപ്പോഴൊക്കെ തിരികെ വാങ്ങാവുന്നതുമാണ്.

### അന്വേഷണ വിഭാഗം

ഭക്ത ജനങ്ങൾക്ക് അന്വേഷണാവശ്യങ്ങൾ അറിയിക്കുന്നതിനും പൊതുവിവരങ്ങൾ, പ്രോഗ്രാമുകൾ യഥാസമയം അറിയിക്കുന്നതിനും പള്ളിയുടെ കിഴക്കുവശത്ത് അന്വേഷണ വിഭാഗം ആഫീസ് പ്രവർത്തിക്കുന്നു. എന്തെങ്കിലും സാധനങ്ങൾ നഷ്ടപ്പെട്ടാൽ ആ വിവരം അന്വേഷണ വിഭാഗം ഓഫീസിൽ അറിയിച്ച് അന്വേഷിക്കേണ്ടതുമാണ്.

### യാത്രാസൗകര്യം

പള്ളിയുടെ വടക്കുകിഴക്കേ മൈതാനിയിൽ നിന്നും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി, പ്രൈവറ്റ് ബസുകളുടെ സർവ്വീസുകൾ ഭക്തജനങ്ങളുടെ സൗകര്യത്തിലേക്കായി ക്രമീകരിച്ചിരിക്കുന്നു.

### പാർക്കിംഗ് സൗകര്യം

പള്ളിയുടെ വടക്കു, തെക്കു വശങ്ങളിലുള്ള മൈതാനങ്ങളിലും കിഴക്ക് വശത്തുള്ള ഐ.ടി.ഐ. കോമ്പൗണ്ടിലും, മാലത്തുള്ള സെന്റ് മേരീസ് കോളേജ് ഗ്രൗണ്ടിലും വാഹനങ്ങൾ പാർക്ക് ചെയ്യാവുന്നതാണ്.

### വി. മർത്തമറിയം സേവകാ സംഘം

മണർകാട് പള്ളിയുടെ വളർച്ചയുടെ പൂർവ്വിക നാളുകളിൽ 1943 - ൽ ക്രിസ്തീയ സഭയുടേയും ദൈവ വചനത്തിന്റെയും ആത്മനിറവിൽ പൂർവ്വികരായ പിതാക്കന്മാർ സാധുജനസേവനം ലക്ഷ്യമാക്കി ആരംഭിച്ചതാണ് വി.മർത്തമറിയം സേവകാസംഘം. ഉദാരമതികളായവരുടെ സംഭാവനകളും പള്ളിയിൽ നിന്നും നൽകുന്ന ഗ്രാന്റുകൾ കൊണ്ടും പ്രവർത്തിക്കുന്ന ഒരു മഹത് പ്രസ്ഥാനമാണ് ഇത്. എട്ടുനോമ്പ് ദിനങ്ങളിൽ വിലപിടിപ്പുള്ള സാധനങ്ങൾ കളഞ്ഞുകിട്ടിയാൽ സംഘം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

### സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ

ഭക്തജനങ്ങൾക്ക് ഏതുസമയത്തും ആവശ്യമായി വന്നാൽ സേവനം ലഭിക്കുന്നതിനായിട്ടുള്ള പോലീസ് എയ്ഡ് പോസ്റ്റ്, റവന്യൂ, ഹെൽത്ത്, ഫയർഫോഴ്സ്, എക്സൈസ് ഉൾപ്പെടെയുള്ള വിവിധ സർക്കാർ വകുപ്പുകളുടെ കൗണ്ടറുകൾ പള്ളിയുടെ കിഴക്കു വശത്തെ മൈതാനിയിൽ പ്രവർത്തിക്കുന്നു.

### വോളന്റിയേഴ്സ്

പള്ളിയകത്തും പരിസരങ്ങളിലും ഭക്തിനിർഭരമായ ആരാധനക്കാവശ്യമായ അച്ചടക്കം പാലിക്കുന്നതിലേക്കായി പള്ളിവക ബാഡ്ജ് ധരിച്ചിട്ടുള്ള വോളന്റിയേഴ്സിന്റെ നിർദ്ദേശം ഭക്തജനങ്ങൾ സ്വീകരിക്കേണ്ടതാണ്.

### മേരി വിജ്ഞാനീയ സംസ്കാര പഠന കേന്ദ്രം

വി.ദൈവമാതാവിനെ കുറിച്ചുള്ള വേദശാസ്ത്ര പഠനമായ മേരിയോളജിയെ സംബന്ധിച്ചും, സഭാ ചരിത്രം, മണർകാട് പള്ളി ചരിത്രം, ആചാരങ്ങൾ, നേർച്ചകാഴ്ചകൾ, എട്ടുനോമ്പ് പെരുന്നാൾ തുടങ്ങി ഒട്ടനവധി വിവരങ്ങൾ ലഭ്യമാക്കുന്ന പുസ്തകങ്ങളും ക്രിസ്തുമത വിശ്വാസത്തിലെയും ചരിത്രത്തിലെയും സാഹിത്യത്തിലെയും മലയാളത്തിലും ഇംഗ്ലീഷിലുമുള്ള നിരവധി ഗ്രന്ഥങ്ങളും ഉള്ള റഫറൻസ് ലൈബ്രറി & റീഡിംഗ് റൂം പള്ളിയുടെ വടക്കുവശത്തുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

## നേർച്ച – വഴിപാടുകൾ, പെരുന്നാൾ ഓഹരി എന്നിവ താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിൽ അടയ്ക്കാവുന്നതാണ്.

**സൗത്ത് ഇന്ത്യൻ ബാങ്ക്, മണർകാട് ബ്രാഞ്ച്,**

അക്കൗണ്ട് പേര് : ST.MARYS JACOBITE SYRIAN CATHEDRAL
അക്കൗണ്ട് നമ്പർ : **0641073000000278**
IFSC കോഡ് : **SIBL0000641**

**ഫെഡറൽ ബാങ്ക്, മണർകാട് ബ്രാഞ്ച്,**

അക്കൗണ്ട് പേര് : ST.MARYS JACOBITE SYRIAN CATHEDRAL
അക്കൗണ്ട് നമ്പർ : **17680200000248**
IFSC കോഡ് : **FDRL0001768**

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മണർകാട് ബ്രാഞ്ച്,**

അക്കൗണ്ട് പേര് : ST.MARYS JACOBITE SYRIAN CHURCH
അക്കൗണ്ട് നമ്പർ : **00000042160159168**,
IFSC കോഡ് : **SBIN0070233**

**എന്നീ അക്കൗണ്ടുകളിൽ ഓൺലൈൻ ആയി അയക്കാവുന്നതാണ്.**

പണമടച്ചതിന്റെ രേഖയുടെ കോപ്പി കത്തീഡ്രലിലെ ഈ-മെയിൽ വിലാസമായ manarcadstmaryschurch@gmail.com എന്ന ഐ.ഡിയിലേക്കോ 9072372700 എന്ന വാട്സാപ് നമ്പറിലേക്കോ അയക്കാവുന്നതും നിങ്ങളുടെ പ്രാർത്ഥന ആവശ്യങ്ങൾ അതോടൊപ്പം എഴുതി അറിയിക്കാവുന്നതുമാണ്.

## പ്രധാന ചടങ്ങുകൾ ഓൺലൈനിൽ തൽസമയം(ലൈവ്) കാണുന്നതിന് പള്ളിക്കാര്യത്തിൽ നിന്നും താഴെപ്പറയുന്ന ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു.

https://m.facebook.com/manarcadpallyofficial

YouTube
Youtube channel: manarcad st mary's cathedral live
https://www.youtube.com/c/manarcadstmarys

https://manarcadpally.com

**വികാരി :**

വെരി.റവ. ഇ.ടി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ ഇട്ട്യാടത്ത്

**സഹവികാരിമാർ :**

വെരി.റവ. കെ കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ കിഴക്കേടത്ത്
വെരി.റവ. കുര്യാക്കോസ് ഏബ്രഹാം കോർ എപ്പിസ്കോപ്പാ കറുകയിൽ
റവ.ഫാ. കുര്യാക്കോസ് കാലായിൽ
റവ.ഫാ. ജെ. മാത്യു മണവത്ത്
റവ.ഫാ. എം.ഐ. തോമസ് മറ്റത്തിൽ

**ട്രസ്റ്റിമാർ :**

ശ്രീ. പി.എ. ഏബ്രഹാം, പഴയിടത്തുവയലിൽ
ശ്രീ. വറുഗീസ് ഐപ്പ്, മുതലുപടിയിൽ
Dr. ജിതിൻ കുര്യൻ ആൻഡ്രൂസ്, ചിരവത്തറ

**സെക്രട്ടറി :**

ശ്രീ. വി.ജെ. ജേക്കബ് വാഴത്തറ



നവീകരണം നടത്തി
2024 ആഗസ്റ്റ് 14 ന്
കൂദാശ ചെയ്ത മണർകാട്
കത്തീഡ്രലിന്റെ ഉൾവശം

